ഉത്തരം

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 89.39 കോടി രൂപ കടാശ്വാസമായി നൽകിയിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ചവയിൽ 81134 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

ഇൻകം ഗ്യാരന്റിയും വിലനിർണ്ണയ അവകാശവും

138 (2972) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയ അവകാശവും എന്ന പദ്ധതി 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നുവോ;

(ബി) പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യമിട്ടിരുന്നത് എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി 2014-15-ൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; 2014-15-ൽ ഇതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ & ബി) പ്രഖ്യാപിച്ചിരുന്നു. പ്രാഥമിക മേഖലയിലെ കൃഷിക്കാർക്ക് തങ്ങളുത്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില നിശ്ചയിക്കുന്നതിനും കർഷകർക്ക് ഉത്പാദനച്ചെലവിന് ഉപരിയായി ന്യായമായ ലാഭം (fair returns) ഉറപ്പുവരുത്തുന്നതിനുമാണ് ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി ഒരു ഇൻകം ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചത്. ഇതിനായി ഇൻഷ്വറൻസ് കമ്പനികൾ മുഖേന 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വിഹിതവും 10 ശതമാനം ഗുണഭോക്തൃവിഹിതവും എന്ന നിലയിലാണ് വിഭാവന ചെയ്തിരുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly